"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് -അങ്കണവാടി സർവ്വീസസ് (ജനറൽ) പദ്ധതി - 2025-26 സാമ്പത്തിക വർഷം അങ്കണവാടികൾക്ക് പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റ് ഇനത്തിൽ തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**വനിത ശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.484/2025/WCDD തീയതി,തിരുവനന്തപുരം, 08-12-2025

---

പരാമർശം:-

1. കേന്ദ്രസർക്കാരിന്റെ 01/05/2025 തീയതിയിലെ CD-II-14/1/2025 CD-II(e-120110) നമ്പർ കത്ത്.
2. സ.ഉ(സാധാ) നം.284/2025/WCDD തീയതി 17/06/2025
3. വനിത ശിശു വികസന ഡയറക്ടറുടെ 13/10/2025 തീയതിയിലെ DWCD/3259/2025-ICDSA1 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്ത് വനിത ശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് പ്രതിവർഷം പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റുകൾ വിതരണം ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ വ്യവസ്ഥ ചെയ്യുന്നുണ്ട്. പ്രീസ്കൂൾ കിറ്റിനായി 60:40 എന്ന കേന്ദ്ര -സംസ്ഥാന അനുപാതത്തിൽ തുക വിനിയോഗിച്ച് വരുന്നു. പരാമർശം (1) പ്രകാരം നടപ്പ് വർഷത്തെ APIP ലഭ്യമായതിൽ സംസ്ഥാനത്തെ 33120 അങ്കണവാടികൾക്ക് 3000/- രൂപ നിരക്കിൽ, കേന്ദ്ര വിഹിതമായി അംഗീകരിച്ചിട്ടുള്ള തുകയായ 596.16 ലക്ഷം രൂപയും (60%) ആനുപാതിക സംസ്ഥാന വിഹിതം തുകയായ 397.44 ലക്ഷം രൂപയും (40%) ചേർത്ത് ആകെ 993.6 ലക്ഷം രൂപ 2025-26 സാമ്പത്തിക വർഷത്തെ പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റിനായി വിനിയോഗിക്കാവുന്നതാണ്.

(2) അങ്കണവാടികളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ വളർച്ചയും വികാസവും അവലോകനം ചെയ്യുന്നതിനായി തയ്യാറാക്കിയ പുതിയ അസ്സെസ്സ്മെന്റ് കാർഡായ "കുഞ്ഞൂസ് കാർഡ്" (കുഞ്ഞുങ്ങളുടെ പ്രായത്തിനനുസരിച്ച് 3+, 4+, 5+ എന്നീ കാറ്റഗറികളിൽ) പ്രിന്റ് ചെയ്യുന്നതിന് ഗവ. പ്രസ്സിനെ കൂടാതെ അക്രഡിറ്റഡ് ഏജൻസിയായി സർക്കാർ നിശ്ചയിക്കപ്പെട്ടിട്ടുള്ള C-apt നെക്കൂടി ഉൾപ്പെടുത്തുവാനും ഇതിലേക്കായി ഒരു കാർഡിന്റെ നിരക്ക് C-apt വഴി കണ്ടെത്തുന്നതിനും, പ്രായാനുസൃത പ്രവർത്തന പുസ്തകമായ "അങ്കണപ്പൂമഴ" (3+, 4+) ആവശ്യമുള്ള ഐ.സി.ഡി.എസ് പ്രോജക്ടുകൾക്ക് മാത്രം പ്രിന്റ് ചെയ്യുന്നതിനും, കൂടാതെ നടപ്പ് സാമ്പത്തിക വർഷത്തെ പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റിൽ ഉൾപ്പെടുത്തേണ്ട ഇനങ്ങളുടെ ലിസ്റ്റും 04/07/2025 തീയതിയിൽ നടന്ന ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗിൽ തീരുമാനിച്ചിട്ടുണ്ടെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിച്ചിട്ടുണ്ട് .

C-apt വഴി കുഞ്ഞൂസ് കാർഡ് പ്രിന്റ് ചെയ്യുന്നതിനുള്ള നിരക്ക് ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിശദാംശം | | തുക |
|---|---|---|---|
| 1 | കുഞ്ഞൂസ് കാർഡ് | 3+ | Rs.2.62/- per copy |
| | | 4+ | Rs.2.66/- per copy |
| | | 5+ | Rs.3.20/- per copy |

(3) കേന്ദ്ര സർക്കാരിൽ നിന്നും 2025-26 വർഷത്തെ പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റ് വാങ്ങുന്നതിനായി തുക വിനിയോഗിക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുള്ളതിനാലും, അങ്കണവാടി കുട്ടികളുടെ മാനസികവും ബൗദ്ധികവുമായ വളർച്ചയ്ക്ക് പ്രീസ്കൂൾ കിറ്റ് വിതരണം ചെയ്യേണ്ടതിനാലും, പ്രീസ്കൂൾ കിറ്റിൽ ഉൾപ്പെടുത്തുന്നതിനായി ടെക്നിക്കൽ കമ്മിറ്റി തീരുമാന പ്രകാരമുള്ള ഇനങ്ങളിൽ നിന്നും ആവശ്യമായവ പ്രീസ്കൂൾ കിറ്റിൽ ഉൾപ്പെടുത്തി ബ്ലോക്ക് ലെവൽ പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ശിശുവികസന പദ്ധതി ഓഫീസർമാർ മുഖാന്തിരം വാങ്ങുന്നതിനും, കുഞ്ഞൂസ് കാർഡ് (3+, 4+, 5+) C-apt ലഭ്യമാക്കിയിട്ടുള്ള നിരക്കിലും, ഇനി ആവശ്യമുള്ള ഐ.സി.ഡി.എസ് പ്രോജക്ടുകൾക്ക് മാത്രം പ്രായാനുസൃത പ്രവർത്തന പുസ്തകം "അങ്കണപ്പൂമഴ" (3+,4+) എന്നിവയും ഗവ. പ്രസ് / C-apt മുഖേന പ്രിന്റ് ചെയ്യുന്നതിനും, ടി തുക പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റിൽ നിന്നും വിനിയോഗിക്കുന്നതിനുമുള്ള അനുമതിയും, 33120 അങ്കണവാടികൾക്കുള്ള പ്രീസ്കൂൾ കിറ്റ് വാങ്ങലിനായി അനുവദിച്ചിട്ടുള്ള 60% കേന്ദ്ര വിഹിതം തുകയായ ₹5,96,16,000/- രൂപയും 40% സംസ്ഥാന വിഹിതമായ ₹3,97,44,000/- രൂപയും ചേർത്ത് ആകെ **₹ 9,93,60,000/- രൂപ** (ഒൻപത് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) അങ്കണവാടി സർവ്വീസസ്(ജനറൽ) പദ്ധതിയ്ക്കായി വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള SNA ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും(അക്കൗണ്ട് നം.40341101052949, IFSC: KLGB0040341) വിനിയോഗിക്കുന്നതിനുമുള്ള ഭരണാനുമതിയും നൽകണമെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം(3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട് .

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . കേന്ദ്ര സർക്കാരിൽ നിന്നും 2025-26 വർഷത്തെ പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റ് വാങ്ങുന്നതിനായി തുക വിനിയോഗിക്കുന്നതിനുള്ള അനുമതി ലഭ്യമായിട്ടുള്ളതിനാലും, അങ്കണവാടി കുട്ടികളുടെ മാനസികവും ബൗദ്ധികവുമായ വളർച്ചയ്ക്ക് പ്രീസ്കൂൾ കിറ്റ് വിതരണം ചെയ്യേണ്ടതിനാലും, പ്രീസ്കൂൾ കിറ്റിൽ ഉൾപ്പെടുത്തുന്നതിനായി ടെക്നിക്കൽ കമ്മിറ്റി തീരുമാന പ്രകാരമുള്ള ഇനങ്ങളിൽ നിന്നും ആവശ്യമായവ പ്രീസ്കൂൾ കിറ്റിൽ ഉൾപ്പെടുത്തി ബ്ലോക്ക് ലെവൽ പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ശിശുവികസന പദ്ധതി ഓഫീസർമാർ മുഖാന്തിരം വാങ്ങുന്നതിനും, കുഞ്ഞൂസ് കാർഡ് (3+, 4+, 5+), Capt ലഭ്യമാക്കിയിട്ടുള്ള നിരക്കിലും, ഇനി ആവശ്യമുള്ള ഐ.സി.ഡി.എസ് പ്രോജക്ടുകൾക്ക് മാത്രം പ്രായാനുസൃത പ്രവർത്തന

പുസ്തകം "അങ്കണപ്പൂമഴ" (3+, 4+) എന്നിവയും ഗവ. പ്രസ് / C-apt മുഖേന പ്രിന്റ് ചെയ്യുന്നതിനും, ടി തുക പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റിൽ നിന്നും വിനിയോഗിക്കുന്നതിനുമുള്ള അനുമതിയും, 33120 അങ്കണവാടികൾക്കുള്ള പ്രീസ്കൂൾ കിറ്റ് വാങ്ങലിനായി അനുവദിച്ചിട്ടുള്ള 60% കേന്ദ്ര വിഹിതം തുകയായ ₹5,96,16,000/- രൂപയും 40% സംസ്ഥാന വിഹിതമായ ₹3,97,44,000/- രൂപയും ചേർത്ത് ആകെ **₹9,93,60,000/- രൂപ** (ഒൻപത് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) അങ്കണവാടി സർവ്വീസസ്(ജനറൽ) പദ്ധതിയ്ക്കായി വനിത ശിശുവികസന ഡയറക്ടറുടെ പേരിൽ കേരള ഗ്രാമീൺ ബാങ്കിൽ ആരംഭിച്ചിട്ടുള്ള SNA ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും (അക്കൗണ്ട് നം. 40341101052949, IFSC: KLGB0040341) വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 10-12-2025 10:51:36